സ്തീഹപൂർവ്വം പദ്ധതിയിൽ 2014-15 അദ്ധ്യയന വർഷം ലഭിച്ച ആകെ അപേക്ഷകളുടെ എണ്ണമാണിത്.

(ഡി) സാമൂഹ്യനീതിവകുപ്പ് ഡയറക്ടറേറ്റ് നടപ്പാക്കുന്ന പദ്ധതികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവലോകനം നടത്തിവരുന്നു. സാമൂഹ്യ സുരക്ഷാമിഷൻമുഖേന നടപ്പിലാക്കുന്ന അൽപ്പാഞ്ഞ പദ്ധതികളെപ്പറ്റി മിഷന്റെ ഉദ്യോഗസ്ഥതലത്തിലും മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗത്തിലും സർക്കാർ തലത്തിലും അവലോകനങ്ങൾ നടത്താറുണ്ട്. ഈ അവലോകന യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ പദ്ധതി നടത്തിപ്പിനു ബാധകമാക്കാറുണ്ട്.

നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാരം

317 (1691) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് എത്ര നിലത്തെഴുത്ത് കളരികൾ പ്രവർത്തിക്കുന്നു ; അവിടങ്ങളിൽ 3 മുതൽ 6 വയസ്സുവരെപ്രായമുള്ള എത്ര കുട്ടികൾ പഠിക്കുന്നു ; വിശദാംശം നൽകുമോ ;

(ബി) നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാരം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 1034 നിലത്തെഴുത്ത് കളരികൾ പ്രവർത്തിക്കുന്നു. നിലത്തെഴുത്ത് കളരികളിലെ 3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികളുടെ എണ്ണം 12443 ആണ്. അതിന്റെ വിശദ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

ജില്ല	നിലത്തെഴുത്ത് കളരികളുടെ എണ്ണം	3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ
(1)	(2)	(3)
തിരുവനന്തപുരം	....	....
കൊല്ലം	312	3512
പത്തനംതിട്ട	78	804
ആലപ്പുഴ	436	5762

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
കോട്ടയം	95	1033
ഇടുക്കി	34	438
എറണാകുളം	65	814
തൃശ്ശൂർ	12	63
പാലക്കാട്	...	...
മലപ്പുറം	2	17
കോഴിക്കോട്	...	...
വയനാട്	...	...
കണ്ണൂർ	...	...
കാസർഗോഡ്	...	...
ആകെ	1034	12443

(ബി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

അംഗപരിമിതരുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന സംഘടനകൾ

318 (1692) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാസർഗോഡ് ജില്ലയിൽ ആകെ എത്ര അംഗപരിമിതരാണ് ഉള്ളതെന്ന് പറയാമോ ;

(ബി) ഇതിൽ എത്ര പേർ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്ന് പറയാമോ ;

(സി) അംഗപരിമിതരുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന എത്ര സംഘടനകൾ ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിൽ അംഗീകാരമുള്ളവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഇ) പ്രസ്തുത വിഭാഗത്തെ ചൂഷണംചെയ്യുന്ന വ്യാജസംഘടനകൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly